**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീ.സിദ്ദിഖ് സി.എ., ഹെഡ് ക്ലാർക്ക് ഫയൽ ചെയ്ത OA-1216/2018-ന്മേലുള്ള 06.07.2018-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2275/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 18.08.2018.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 22.06.2018-ലെ 2413/എസ്റ്റാ.സി3/2018/സിആർഡി നമ്പർ നടപടിക്രമം.

2) ശ്രീ.സിദ്ദിഖ് സി.എ. സമർപ്പിച്ച 02.07.2018, 13.08.2018 തീയതികളിലെ അപേക്ഷ.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA-1216/2018-ന്മേലുള്ള 06.07.2018-ലെ അന്തിമ ഉത്തരവ്.

4) ശ്രീമതി വിനില കെ.വി., ഹെഡ് അക്കൗണ്ടന്റ്, കൊടകര ബ്ലോക്ക് സമർപ്പിച്ച 13.08.2018-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം വെള്ളാങ്കല്ലൂർ ബ്ലോക്കിൽ ജോലിചെയ്തിരുന്ന ശ്രീ. സിദ്ദീഖ് സി.എ.-യെ മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലേക്ക് സ്ഥലംമാറ്റിയിരുന്നു. എന്നാൽ ടിയാൻ പ്രസ്തുത സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ലായെന്നും അതിനാൽ ടിയാന്റെ മലപ്പുറം ജില്ലയിലേക്കുള്ള സ്ഥലംമാറ്റം റദ്ദ് ചെയ്ത് നിലവിലെ സ്റ്റേഷനിൽ തുടരുവാൻ അനുവദിക്കണമെന്നും അല്ലാത്തപക്ഷം പൊതുസ്ഥലംമാറ്റം അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന മതിലകം ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലോ, ടിയാനെക്കാൾ ജൂനിയറായ ഹെഡ് അക്കൗണ്ടന്റ്മാർ സേവനമനുഷ്ഠിക്കുന്ന ഇരിങ്ങാലക്കുട, മാള, തളിക്കുളം എന്നിവിടങ്ങളിലേക്കോ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.സിദ്ദീഖ് സി.എ പരാമർശം (3) പ്രകാരം ഫയൽ ചെയ്ത ഒ.എ 1216/18 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.07.2018 തീയതിയിലെ ഉത്തരവ് ചുവടെ കണ്ടാലും.

> "The original Application is disposed of with a direction to the first respondent (Secretary, LSGD) to take a decision on Annexure A5 representation within one month from the date of receipt of a copy of this order after hearing the applicant and other affected person".

കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13.08.2018-ന് ശ്രീ. സിദ്ദീഖിനേയും ബന്ധപ്പെട്ട വ്യക്തികളായ ശ്രീ.രാജേഷ് എം. സി., ഹെഡ് അക്കൗണ്ടന്റ്, (വെള്ളാങ്കല്ലൂർ ബ്ലോക്ക്), ശ്രീമതി വിനില കെ.വി., ഹെഡ് അക്കൗണ്ടന്റ് (കൊടകര ബ്ലോക്ക്) എന്നിവരെയും നേരിൽ കേട്ടു. ഗ്രാമവികസന കമ്മീഷണറേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഹാജരായിരുന്നു.

ശ്രീ.സിദ്ദീഖ് തനിയ്ക്ക് ഒരു കണ്ണിന് കാഴ്ചയില്ലായെന്നും അപകടത്തിൽ കാഴ്ച നഷ്ടപ്പെട്ടതാണെന്നും തന്റെ ഭാര്യയും ചികിത്സയിലാണെന്നും അതിനാൽ തന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് വെള്ളാങ്കല്ലൂർ ബ്ലോക്കിൽ തുടരാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. ശ്രീമതി വിനില കെ.വി., ഹെഡ് അക്കൗണ്ടന്റ് കൊടകര ബ്ലോക്ക്, ശ്രീ.രാജേഷ് എം.സി., ഹെഡ് അക്കൗണ്ടന്റ് എന്നിവർ ശ്രീ.സിദ്ദിഖിന്റെ നിലവിലെ അവസ്ഥ കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിൽ ഒഴിവുവരുന്ന സ്ഥലങ്ങളിലോ മറ്റു സ്ഥാപനങ്ങളിലോ സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് മാറാൻ തയ്യാറാണെന്ന് അറിയിച്ചു. അപ്രകാരം മാറ്റം അനുവദിക്കുന്നതിന് തടസ്സമില്ലായെന്ന് ഗ്രാമവികസന കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥൻ അറിയിച്ചു. മേൽ സാഹചര്യത്തിൽ മാനുഷികമായ പരിഗണനയുടെ അടിസ്ഥാനത്തിൽ ശ്രീ. സിദ്ദീഖിനും മറ്റ് എതിർകക്ഷികൾക്കും സൗകര്യ പ്രദമായ സ്ഥലംമാറ്റം അനുവദിക്കാൻ ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ശ്രീ.സിദ്ദീഖ് സി.എ., ചാലായിപ്പറമ്പിൽ ഹൗസ്, മടവന പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680 666.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ